Request 1523/2023

m-208

# ടെണ്ടർ പരസ്യം

ഗവ .വി.എച്ച്.എസ്.എസ്

ടെണ്ടർ നമ്പർ .01/2023-24

കുളക്കട,കൊല്ലം

തീയതി - 19.06.2023

പൊതു വിദ്യാഭ്യാസ വകുപ്പ്

വി.എച്ച് .എസ് .ഇ.വിഭാഗം

കൊല്ലം ജില്ലയിലെ കുളക്കട ഗവ . വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ സ്കിൽ ഡവലപ്മെന്റ് സെന്ററിലെ ടെലികോം ടെക്നീഷ്യൻ - ഐ .ഒ .റ്റി ഡിവൈസ് / സിസ്റ്റം എന്ന കോഴ്സിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മുദ്ര വച്ച ടെൻണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു . വിതരണം ചെയ്യേണ്ട ലാബ് ഉപകരണങ്ങളുടെ വിശദമായ പട്ടിക സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. .ടെൻഡർ അടക്കം ചെയ്തിരിക്കുന്ന കവറിനു പുറത്ത് ടെലികോം ടെക്നീഷ്യൻ -ഐ .ഒ .റ്റി .ഡിവൈസ് / സിസ്റ്റം എന്ന ലാബിലേക്കുള്ള ലാബ് ഉപകരങ്ങളുടെ വിതരണം രേഖപ്പെടുത്തേണ്ടതാണ് . അടങ്കൽ തുക 300,000 രൂപയാണ്. ടെണ്ടർ ഉൾകൊള്ളുന്ന ടി കവറുകൾ എത്തിക്കേണ്ടത് പ്രിൻസിപ്പാൾ , ഗവ .വി.എച്ച്.എസ്.എസ് സ്കൂൾ , കുളക്കട , കൊല്ലം ജില്ലാ - 691521 എന്ന വിലാസത്തിലാണ് മുദ്രവെച്ച ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി 03.07.2023, 1. pm ആണ് . താമസിച്ചു ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല . ലഭിക്കുന്ന ടെണ്ടറുകൾ 03.07.2023, 3 pm ന് സന്നിഹിതരായിരിക്കുന്ന ടെണ്ടർ സമർപ്പിച്ചവരുടേയോ അതുമല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയിരിക്കുന്ന പ്രതിനിധികളുടേയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ടെണ്ടർ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നവർ പ്രിൻസിപ്പാൾ , ഗവ.വി.എച്ച്.എസ്.എസ്. സ്കൂൾ , കുളക്കട,കൊല്ലം ജില്ല - 691521 പക്കൽ നിന്നും ടെണ്ടർ ഫോറം വാങ്ങേണ്ടതും ടി ഫോറത്തിൽ ടെണ്ടർ സമർപ്പിക്കേണ്ടതുമാണ് . ടെണ്ടർ ഫോമിലുള്ള അപേക്ഷയ്ക്കൊപ്പം ഒരു ഫോറത്തിന് നിർണയിച്ചിട്ടുള്ള വിലയായ 600/- രൂപ പണമായി അടയ്ക്കേണ്ടതാണ് . പ്രസ്തുത തുക യാതൊരു കാരണവശാലും തിരികെ തരുന്നതല്ല .ടെണ്ടർ ഫോം വിലയുടെ GST തുകയായ 12% GST ഹെഡിൽ ഹെഡിൽ അടച്ച ചെല്ലാൻ / കൗണ്ടർ ഫോയിൽ സമർപ്പിക്കേണ്ടതാണ് .ടെണ്ടർ ഫോറത്തിന്റെ വില്പന 30.06.2023, 3pm ന് അവസാനിക്കുന്നതാണ് . ചെക്ക്,തപാൽ സ്റ്റാമ്പ് മുതലായവ ടെണ്ടർ ഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല .ടെണ്ടർ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ എസ്റ്റിമേറ്റ് തുകയുടെ ഒരു ശതമാനം നിരതദ്രവ്യ നിക്ഷേപമായി അടയ്ക്കേണ്ടതും ടി തുക 1500/-

രൂപയിൽ കുറയാൻ പാടില്ലാത്തതും ആകുന്നു . നിരതദ്രവ്യ നിക്ഷേപം , പ്രിൻസിപ്പാൾ , ഗവ.വിഎച്ച്.എസ്.എസ്.സ്കൂൾ , കുളക്കട,കൊല്ലം ജില്ല - 691521 എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ആയി അടയ്ക്കാവുന്നതാണ് . 200 രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ ഉടമ്പടിയും സമർപ്പിക്കേണ്ടതാണ് . ടെണ്ടറിൽ പറഞ്ഞിരിക്കുന്ന തുക ടെണ്ടർ സ്വീകരിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മാറ്റമില്ലാതെ തുടരുന്നതായിരിക്കും. പ്രിൻസിപ്പാൾ , ഗവ.വി.എച്ച്.എസ്. എസ്.സ്കൂൾ.കുളക്കട,കൊല്ലം ജില്ല – 691521 ന് ടെണ്ടർ നീട്ടിവയ്ക്കാനോ റദ്ദാക്കാനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. സർക്കാർ 03.07.2023 ന് പൊതു അവധി ആയി പ്രഖ്യാപിക്കുകയാണെങ്കിൽ ടെൻഡർ അടുത്ത പ്രവർത്തി ദിവസം തുറക്കുന്നതാണ് .

കുളക്കട
19.06.2023

പ്രിൻസിപ്പാൾ
ഗവ.വി.എച്ച്.എസ്. എസ്.സ്കൂൾ
കുളക്കട